REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-09-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രൂണെ- സിങ്കപ്പൂർ സന്ദർശനത്തിന് ഡൽഹിയിൽ നിന്ന് യാത്ര തിരിച്ചു.
- 'ഏക് പേട് മാ കേ നാം' പ്രചാരണത്തിൽ ഇതിനകം 52 കോടിയിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായി കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ്.
- പൊലീസിലെ മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെ ഉയർന്ന ആരോപണങ്ങൾ അന്വേഷിക്കാൻ ഉന്നതതലസംഘം രൂപീകരിച്ച് വിജ്ഞാപനം ഇറങ്ങി.
- സപ്ലൈകോ ഓണം ഫെയറുകൾ മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- കേരളം, മാരിടൈം ലോജിസ്റ്റിക്സ് മേഖലയിൽ ആഗോള ഹബ്ബായി മാറുമെന്ന് മന്ത്രി P രാജീവ്.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി ബ്രൂണെ- സിങ്കപ്പൂർ സന്ദർശനത്തിനായി ഡൽഹിയിൽ നിന്ന് യാത്ര തിരിച്ചു. ഇന്നും നാളെയും ബ്രൂണെയിലും നാളെ വൈകിട്ടും മറ്റന്നാളും സിങ്കപ്പൂരിലും അദ്ദേഹം ഉന്നതതല ചർച്ചകളിൽ പങ്കെടുക്കും.**

**ബ്രൂണെ - സിങ്കപ്പൂർ സന്ദർശനം ഇരു രാജ്യങ്ങളുമായും ആസിയാൻ മേഖലയുമായും ഇന്ത്യയുടെ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ത്യയും ബ്രൂണെയും നയതന്ത്ര ബന്ധത്തിന്റെ 40-ാം**

വാർഷികം ആഘോഷിക്കുന്ന വേളയിൽ ചരിത്രപരമായ ബന്ധം പുതിയ ഉയരങ്ങളിലേക്കെത്തുമെന്ന് യാത്ര തിരിക്കും മുമ്പ് പ്രധാനമന്ത്രി പറഞ്ഞു. ബ്രൂണെ സുൽത്താനുമായും രാജകുടുംബാംഗങ്ങളുമായും നടത്തുന്ന കൂടിക്കാഴ്ചയ്ക്ക് കാത്തിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങിന്റെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ സിംഗപ്പൂർ സന്ദർശനം.

✪✪✪

കേന്ദ്രഗവൺമെന്റ് ഇരുപത്തിമൂന്നാം ലോ കമ്മീഷൻ രൂപീകരണം വിജ്ഞാപനം ചെയ്തു. 2027 ഓഗസ്റ്റ് 31 വരെയാണ് കമ്മീഷന്റെ കാലപരിധി. മുഴുവൻസമയ ചെയർപേഴ്സണ് പുറമെ മൂന്ന് മുഴുവൻസമയ അംഗങ്ങളും കമ്മീഷനിൽ ഉണ്ടാകും. ഇതിനു പുറമെ അഞ്ച് പാർട്ട് ടൈം മെമ്പർമാരും കമ്മീഷനിൽ ഉൾപ്പെടും. നിയമകാര്യ വകുപ്പ് സെക്രട്ടറിയും നിയമനിർമ്മാണ വകുപ്പ് സെക്രട്ടറിയും കമ്മീഷനിലെ ഔദ്യോഗിക അംഗങ്ങളാണ്.

✪✪✪

ഏക് പേട് മാ കേ നാം' പ്രചാരണത്തിന് കീഴിൽ ഇന്ത്യയിൽ 52 കോടിയിലധികം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചതായി കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് അറിയിച്ചു. പരിപാടിയിലൂടെ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിൽ രാജ്യം സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

ലോക പരിസ്ഥിതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് 'ഏക് പേട് മാ കേ നാം' പ്രചാരണം ആരംഭിച്ചത്.

✪✪✪

രാജ്യത്തെ നൂറ് ടോൾ പ്ലാസകളിൽ GIS അധിഷ്ഠിത സോഫ്റ്റ് വെയർ ഏർപ്പെടുത്താൻ ദേശീയപാതാ അതോറിറ്റി തീരുമാനിച്ചു. ടോൾ പ്ലാസകളിൽ നിർത്താതെ തന്നെ ടോൾ നൽകാൻ അവസരം ഒരുക്കുന്ന ആധുനിക സംവിധാനമാണിത്. ഇതുവഴി യാത്രക്കാരുടെ സമയ നഷ്ടമൊഴിവാക്കാൻ കഴിയും. ഏറ്റവും കൂടുതൽ യാത്രാതിരക്ക് അനുഭവപ്പെടുന്ന ടോൾ പ്ലാസകൾക്ക് പകരമാണ് പുതിയ സംവിധാനം. ഘട്ടങ്ങളായി മറ്റിടങ്ങളിലേക്കും ഇത് വ്യാപിപ്പിക്കും.

✪✪✪

ഗുജറാത്ത് പോർബന്തർ തീരത്തിനു സമീപം, കോസ്റ്റ്ഗാർഡ് ഹെലികോപ്ടർ തകർന്ന് മൂന്ന് പേരെ കാണാതായി - ഒരാളെ

കണ്ടെത്തി. അഡ്വാൻസ് ലൈറ്റ് ഹെലികോപ്ടറാണ് അപകടത്തിൽപ്പെട്ടത്.

✪✪✪

പൊലീസിലെ മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെ ചിലർക്കെതിരെ ഉയർന്ന ആരോപണങ്ങൾ അന്വേഷിക്കാൻ ഉന്നതതലസംഘം രൂപീകരിച്ച് വിജ്ഞാപനം ഇറങ്ങി.

DGP ഷെയ്ക് ദർവേഷ് സാഹിബിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിൽ, സൗത്ത് സോൺ IG സ്പർജൻ കുമാർ, തൃശ്ശൂർ റേഞ്ച് DIG തോംസൺ ജോസ്, തിരുവനന്തപുരം ക്രൈംബ്രാഞ്ച് SP - S. മധുസൂദനൻ, തിരുവനന്തപുരം SSB - SP A ഷാനവാസ് എന്നിവരാണ് അംഗങ്ങൾ.

ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിച്ച പരാതികളിലും ആരോപണങ്ങളിലും സംഘം അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശം നൽകി.

✪✪✪

ആരോപണ വിധേയരായ ADGP യെയും പൊളിറ്റിക്കൽ സെക്രട്ടറിയെയും നിലനിർത്തി അന്വേഷണം പ്രഖ്യാപിക്കുന്നത് കേട്ടുകേൾവിയില്ലാത്ത കാര്യമാണെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ പറഞ്ഞു. ADGP ക്കെതിരെ അന്വേഷണം നടത്തുന്ന DGP യുടെ നേതൃത്വത്തിലെ സംഘത്തിൽ എല്ലാവരും ജൂനിയർ ഉദ്യോഗസ്ഥരാണെന്നും മുഖ്യമന്ത്രിക്ക് ഇവരെ ഭയമാണെന്നും സതീശൻ പറഞ്ഞു.

കേരളത്തിലെ പൊലീസ് ഇതുപോലെ നാണംകെട്ട അവസ്ഥയുണ്ടായിട്ടില്ലെന്നും, മുഖ്യമന്ത്രിയുടെ ഓഫീസ് അഴിമതിയുടെ കൂടാരമായി തീർന്നെന്നും സതീശൻ തിരുവനന്തപുരത്ത് കുറ്റപ്പെടുത്തി.

✪✪✪

തെറ്റ് ആര് ചെയ്താലും സംരക്ഷിക്കില്ലെന്നും മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും നിലപാട് വ്യക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. P.V അൻവറിന്റെ ആരോപണത്തെക്കുറിച്ച് കണ്ണൂരിൽ പ്രതികരിക്കുകയായിരുന്നു മന്ത്രി. ഉപ്പ് തിന്നവർ വെള്ളം കുടിക്കുമെന്നും പുഴുക്കുത്തുകൾ വെച്ചുപൊറുപ്പിക്കില്ലെന്നും റിയാസ് പറഞ്ഞു.

✪✪✪

അതിനിടെ P.V അൻവർ MLA അൽപ്പസമയത്തിനകം മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തുമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.പൊലീസിനെതിരെ ആരോപണങ്ങൾ ഉന്നയിച്ച പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച.

✪✪✪

സപ്ലൈകോ ഓണം ഫെയറുകൾ മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഈ മാസം 14 വരെയാണ് മേള. 13 ഇനം അവശ്യ സാധനങ്ങൾ ഓണം ഫെയറുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഉറപ്പാക്കും. വെള്ളിയാഴ്ച കൺസ്യൂമർ ഫെഡ് ഓണം വിപണിയുടെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിക്കും. ഈ മാസം ഏഴ് മുതൽ 14 വരെയാണ് ഓണം വിപണികളുടെ പ്രവർത്തനം.

മഞ്ഞ കാർഡ് ഉടമകൾക്ക് ഓണക്കിറ്റ് വിതരണം ഈ മാസം 9 ന് ആരംഭിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്ന് മൂന്ന് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി. കോഴിക്കോട്, കണ്ണൂർ, കാസർക്കോട് ജില്ലകളിലാണ് ജാഗ്രതാ മുന്നറിയിപ്പ്.

✪✪✪

ഇടുക്കി - ചെറുതോണി ഡാമുകൾ സന്ദർശിക്കാൻ നിബന്ധനകളോട പൊതുജനങ്ങൾക്ക് അനുമതി നൽകിയതായി മന്ത്രി K കൃഷ്ണൻകുട്ടി പറഞ്ഞു. ബുധാഴ്ചകളിലും വെള്ളം തുറന്നു വിടേണ്ട ദിവസങ്ങളിലും ഒഴികെയാണ് അനുമതിയെന്ന് മന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

പൊതുജനങ്ങളുടെയും, അണക്കെട്ടുകളുടെയും, പരിസരപ്രദേശങ്ങളുടെയും സുരക്ഷയുടെ പൂർണ ഉത്തരവാദിത്തം കേരള ഹൈഡൽ ടൂറിസം സെന്ററും, പൊലീസും ഏറ്റെടുക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കിയതായും K കൃഷ്ണൻകുട്ടി അറിയിച്ചു.

✪✪✪

നിയമസഭാ സബ്ജക്റ്റ് കമ്മറ്റി അംഗങ്ങൾ ഇടുക്കി അണക്കെട്ട് സന്ദർശിച്ചു. മന്ത്രി K. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം.

✪✪✪

NCP യിലോ LDF ലോ മന്ത്രിയെ മാറ്റുന്ന കാര്യം ചർച്ച ചെയ്തിട്ടില്ലെന്ന് മന്ത്രി A.K.ശശീന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. അതുകൊണ്ടു തന്നെ രാജി വെക്കേണ്ട സാഹചര്യമില്ലെന്ന് മന്ത്രി സ്വകാര്യ ചാനൽ അഭിമുഖത്തിൽ പറഞ്ഞു.

✪✪✪

കേരളം, മാരിടൈം ലോജിസ്റ്റിക്സ് മേഖലയിൽ ആഗോള ഹബ്ബായി മാറുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു. മാരിടൈം ലോജിസ്റ്റിക്സ് റൗണ്ട് ടേബിൾ 2024 കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഈ സാധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്നും P രാജീവ് നിർദേശിച്ചു.

✪✪✪

കേരളത്തിലെ കാർഷിക മേഖലയിൽ 2,390 കോടി രൂപയുടെ ലോകബാങ്ക് പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കുമെന്ന് മന്ത്രി P പ്രസാദ് കാസർകോട്ട് പറഞ്ഞു. ഇതിൽ 1,680 കോടി രൂപ ലോകബാങ്ക് സഹായമായിരിക്കും - ബാക്കി തുക സംസ്ഥാന വിഹിതവും. മുളിയാറിൽ കേരള പ്ലാന്റേഷൻ കോർപറേഷന്റെ കാസർകോട് കാഷ്യു എസ്റ്റേറ്റിൽ കശുമാങ്ങ പഴച്ചാർ സംസ്കരണ ഫാക്ടറി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കണ്ണൂർ കോർപ്പറേഷനിലെ തോട്ടട - ചാല പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റെയിൽവേ മേൽപ്പാലത്തിന്റെ പ്രവൃത്തി വൈകിട്ട് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന ഗവൺമെന്റിന്റെ ഡെപ്പോസിറ്റ് വർക്കായി റെയിൽവെ മുഖാന്തരമാണ് മേൽപ്പാലം പ്രവൃത്തി നടത്തുന്നത്.

✪✪✪

ഓണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങുകയാണ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷത്തിന് പൊലിമ കുറയുമെങ്കിലും മലയാളിക്ക് ഓണം എന്നും ഗൃഹാതുരതയുടെ

സമ്പന്നമായ ഓർമ്മകൾ കൂടിയാണ്. മേളകളും ആഘോഷങ്ങളും പലയിടങ്ങളിലും ആരംഭിച്ചു കഴിഞ്ഞു. കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ പോലീസ് മൈതാനിയിൽ ആരംഭിച്ച കൈത്തറി പ്രദർശന വിപണന മേള - ഹാത്ത് കാർഘാ - 2024 നിരവധി ആളുകളെയാണ് ആകർഷിക്കുന്നത് .

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്.

....................(VOICE).............

✪✪✪

US ഓപ്പൺ ടെന്നീസ് മിക്സഡ് ഡബിൾസിൽ ഇന്ത്യൻ ജോഡി രോഹൻ ബൊപ്പെണ്ണയും, അൽഡില സത് ജിയാദിയും സെമിഫൈനലിലെത്തി. സെമിഫൈനലിൽ അവർ അമേരിക്കൻ സഖ്യത്തെ നേരിടും.

✪✪✪

പാരാലിമ്പിക്സ് വനിതാ സിംഗിൾസ് ബാഡ്മിന്റണിൽ വെങ്കലം നേടിയ നിത്യ ശ്രീശിവനെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. എണ്ണമറ്റ ജനങ്ങൾക്ക് നിത്യയുടെ വിജയം പ്രചോദനമാകുമെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

കാസർകോട് ജില്ലാ തദ്ദേശ അദാലത്ത് രാവിലെ മുനിസിപ്പൽ ടൗൺഹാളിൽ ആരംഭിച്ചു. മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. അദാലത്ത് രജിസ്ട്രേഷൻ കൗണ്ടറിൽ പുതിയ പരാതികളും സ്വീകരിച്ചു.

✪✪✪

സമൂഹ നന്മയ്ക്കായി ഓരോ വ്യക്തിയും സാധ്യമായ പ്രവർത്തനങ്ങൾ നടത്തണമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സാമൂഹിക സേവനത്തിന് കുട്ടികളും മുന്നോട്ടു വരണം. കേളി സാംസ്കാരിക വേദിയുടെ വിദ്യാഭ്യാസ പ്രോത്സാഹന പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തൃശ്ശൂർ പൂരം അലോങ്കോലപ്പെടുത്തിയതിൽ രാഷ്ട്രീയ ഗൂഡാലോചന ഉണ്ടായെന്ന് മുൻമന്ത്രിയും C.P.I നേതാവുമായ V.S സുനിൽ കുമാർ പറഞ്ഞു. ഇക്കാര്യത്തിൽ പൊലീസിന് വീഴ്ചയുണ്ടായത് യാദൃച്ഛികമല്ലെന്നും പൂരം അലോങ്കോലമായതിന്റെ ഇര താനാണെന്നും അദ്ദേഹം തൃശ്ശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. അനിഷ്ട സംഭവങ്ങൾക്ക് പൂരം നടത്തിപ്പുകാർക്കും പങ്കുണ്ടെന്നും സുനിൽ കുമാർ ആരോപിച്ചു.

തൃശൂർപൂരം അലങ്കോലമാക്കിയതിനെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് കത്ത് നൽകുമെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാരംഗം സംസ്ഥാനതല അധ്യാപക കലാസാഹിത്യ മത്സരത്തിലെ കഥാവിഭാഗത്തിൽ ഫറൂഖ് നല്ലൂർ നാരായണ LP ബേസിക് സ്കൂളിലെ അധ്യാപിക P. ശുഹൈബ ഒന്നാം സ്ഥാനം നേടി.

മറ്റന്നാൾ പത്തനംതിട്ടയിൽ അധ്യാപക ദിനാഘോഷ പരിപാടിയിൽ അവർ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങും.

✪✪✪

വിലങ്ങാട് ഉരുൾപൊട്ടൽ ദുരിത ബാധിതർക്ക് ബാങ്ക് വായ്പകൾ തിരിച്ചടയ്ക്കുന്നതിൽ മൊറട്ടോറിയം ഏർപ്പെടുത്തി. കൃഷി പൂർണമായും നശിച്ച കർഷകർക്ക് കാർഷിക വായ്പകൾക്ക് അഞ്ച് വർഷത്തേക്കും മറ്റ് വായ്പകൾക്ക് ഒരു വർഷത്തേക്കുമായിരിക്കും മൊറട്ടോറിയം.

✪✪✪